പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 64

# 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ

(ശ്രീ. പി. ടി. തോമസ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

498/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 64

# 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ

(ശ്രീ. പി. ടി. തോമസ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനും യുവതലമുറയെ ദുരാചാരങ്ങളിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കുന്ന ഇത്തരം പ്രവൃത്തികൾവഴി ഉണ്ടാകാൻ സാധ്യതയുള്ള സാമൂഹിക വിപത്തുകൾ ഒഴിവാക്കുന്നതും വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനും യുവതലമുറയെ ദുരാചാരങ്ങളിലേക്ക് തിരിച്ചുവിടാൻ ശ്രമിക്കുന്ന ഇത്തരം പ്രവൃത്തികൾവഴി ഉണ്ടാകാൻ സാധ്യതയുള്ള സാമൂഹിക വിപത്തുകൾ ഒഴിവാക്കി സന്തുഷ്ടമായ ഒരു സമൂഹം വളർത്തിയെടുക്കേണ്ടത് അനിവാര്യമായി തീർന്നിരിക്കുന്നതിനാലും;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം ഒരു നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ടിന് "2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസപ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ആക്ട്" എന്ന് പേര് പറയാം.

(2) ഇതിനു കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:—

(1) 'അന്ധവിശ്വാസം' എന്നാൽ യുക്തിസഹമല്ലാത്ത വിശ്വാസങ്ങളും അവയെച്ചൊല്ലിയുള്ള ആചാരങ്ങളും എന്നാകുന്നു;

(2) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(3) 'വിജ്ഞാപനം' എന്നാൽ ഈ ആക്ട് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(4) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നാകുന്നു;

(5) 'വകുപ്പ്' എന്നാൽ ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു.

3. കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള സമിതി രൂപീകരണം:—(1) സർക്കാർ ഒരു ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള സമിതി എന്ന പേരിൽ ഒരു സമിതി രൂപീകരിക്കേണ്ടതാണ്.

(2) സമിതിയുടെ പ്രവർത്തനങ്ങളിൽ അതിനെ സഹായിക്കുന്നതിനായി സർക്കാരിന് യുക്തമെന്നു തോന്നുന്ന ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയോഗിക്കാവുന്നതാണ്.

(3) സമിതി ശാശ്വത പിന്തുടർച്ചാവകാശത്തോടും പൊതു മുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാവര-ജംഗമ വസ്തുക്കൾ ആർജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കരാറുകളിൽ ഏർപ്പെടുന്നതിനുള്ള അധികാരത്തോട് കൂടിയതും ആയിരിക്കും.

4. സമിതിയുടെ ഘടന:—സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(1) സംസ്ഥാനത്തെ അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ഓരോ പ്രതിനിധികൾ;

(2) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികാരോഗ്യ വിദഗ്ദ്ധൻ;

(3) ആരോഗ്യ വകുപ്പ് സെക്രട്ടറി;

(4) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി;

(5) നിയമ വകുപ്പ് സെക്രട്ടറി;

(6) പോലീസ് മേധാവി;

(7) ആരോഗ്യ വകുപ്പ് ഡയറക്ടർ.

5. സമിതിയുടെ ആസ്ഥാനം:—അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും.

6. ചെയർമാൻ:—

(1) സമിതിയുടെ ചെയർമാനെ സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നാമനിർദ്ദേശം ചെയ്യുന്നതാണ്.

(2) ചെയർമാന്റെ ഔദ്യോഗിക കാലാവധി 5 വർഷക്കാലമായിരിക്കുന്നതാണ്.

7. സെക്രട്ടറി:—

സർക്കാർ സർവീസിലുള്ള അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ സമിതിയുടെ സെക്രട്ടറിയായി സർക്കാർ നിയമിക്കുന്നതാണ്.

8. സമിതിയുടെ കർത്തവ്യങ്ങൾ:—

(1) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും അതിന്റെ കാരണങ്ങളും സംബന്ധിച്ചും അത് നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ സംബന്ധിച്ചുമുള്ള ശിപാർശകൾ സർക്കാരിന് സമർപ്പിക്കുക.

(2) ദുർമന്ത്രവാദത്തെപ്പറ്റിയും അന്ധവിശ്വാസ പ്രവൃത്തികളെപ്പറ്റിയും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(3) ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ സർക്കാരിന് ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

9. സമിതിയുടെ അധികാരങ്ങൾ:—

(1) ഈ ആക്ടിന്റെ കീഴിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പരാതികൾ സ്വീകരിക്കുന്നതിനുള്ള അധികാരം.

(2) ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനും അതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനുമുള്ള അധികാരം.

(3) ഇപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി സമിതിക്ക് ബോധ്യമായ കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ സർക്കാരിനോട് ശിപാർശ ചെയ്യുക.

(4) സമിതിയുടെ നയപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുക.

10. സമിതിയുടെ യോഗങ്ങൾ:—

(1) ചെയർമാന്റെ നിർദ്ദേശാനുസരണം സെക്രട്ടറി സമിതിയുടെ യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) സമിതിയുടെ രണ്ടു യോഗങ്ങൾ തമ്മിൽ 6 മാസത്തിലധികം അന്തരം ഉണ്ടാകാൻ പാടില്ല.

(3) സമിതിയുടെ യോഗങ്ങളിൽ ചെയർമാൻ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങളിൽ ഒരാളെ അദ്ധ്യക്ഷനായി നിർദ്ദേശിക്കാവുന്നതാണ്.

(4) യോഗത്തിനുള്ള ക്വാറം സമിതിയിലെ നിലവിലുള്ള അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

11. എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗം:—

സമിതിയിൽ നിന്നുള്ളതും സമിതിയിലേക്കുള്ളതുമായ എഴുത്തുകുത്തുകൾ സെക്രട്ടറിയുടെ പേരിൽ നടത്തേണ്ടതാണ്.

12. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം:—

(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംമൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്രവേഗം നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ആരെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്തവിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ വർദ്ധിച്ചു വരുന്ന ദുർമന്ത്രവാദവും അന്ധവിശ്വാസപ്രവൃത്തികളും നിയന്ത്രിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് ദുർമന്ത്രവാദവും അന്ധവിശ്വാസപ്രവൃത്തികളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും വർദ്ധിച്ചുവരികയാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒരു സാമൂഹികവിപത്തായി വളരുമ്പോൾ അതുയർത്തുന്ന ചൂഷണങ്ങളെ പ്രതിരോധിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഒരു സമിതി രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് സമിതി നിലവിൽ വരികയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമെ ഇതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും സമിതിയുടെ പ്രാരംഭ ചെലവുകൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാകുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അതംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണസ്വഭാവത്തിലുള്ളതാണ്.

പി. ടി. തോമസ്, എം. എൽ. എ.